


-------------------------

# ചെറിയ ഒപ്പീസ്

**ശുശ്രൂഷി:** മരിച്ചവരെ ഉയിർപ്പിക്കുന്നവനേ നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർഥിക്കാം നമുക്കു സമാധാനം.

**കാർമി:** കരുണയുള്ള കർത്താവേ, കരയുന്നവർ നിന്നെ വിളിക്കുകയും സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കുകയും ചെയ്യുന്നു. നിന്റെ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ / നിന്റെ *ദാസനെ (ദാസിയെ / ദാസരെ)* ആശ്വസിപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

*(താഴെവരുന്ന ഗാനം രണ്ടു ഗണമായി ആലപിക്കുന്നു).*

***എന്റെ കർത്താവേ നിന്നെ ഞാൻ പ്രകീർത്തിക്കും.***

മഹിമയോടന്തിമ വിധിനാളിൽ / കർത്താവേ നീ അണയുമ്പോൾ
കരുണയൊടെന്നെ നിർത്തണമേ / നല്ലവരൊത്തു വലംഭാഗേ.

***കർത്താവേ നിന്നെ ഞാൻ ആശ്രയിച്ചു.***

കർത്താവേ നിൻ കുരിശിനെ ഞാൻ / ആരാധിച്ചു വണങ്ങുന്നു
അതുതാൻ ഞങ്ങൾക്കുത്ഥാനം / രക്ഷയുമുയിരും നല്കുന്നു.

***ആകാശവും ഭൂമിയും നിന്റേതാകുന്നു.***

ആകാശവുമീ ഭൂതലവും / താവകമല്ലോ കർത്താവേ
ജീവിക്കുന്നവനഭയം നീ / നല്കണമേ മൃതനായുസ്സും.

***അവരാനന്ദ കീർത്തനങ്ങൾ പാടും.***

മൃതരാം നരരുടെ പാപങ്ങൾ / മായ്ക്കണമേ നിൻ കൃപയാലെ
മാമ്മോദിസാ വഴിയങ്ങേ / സുതരാണവരെന്നോർക്കണമേ.

*അവന്റെ സന്തോഷത്തിലവരാനന്ദിക്കും.*

കർത്താവേ നിൻ ശോണിതവും / ദിവ്യ ശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻ സുതരെ / നിത്യവിരുന്നിൽ ചേർക്കണമേ.

*അവരിലാരും അവശേഷിച്ചില്ല.*

മഴ പെയ്യുമ്പോൾ വയലുകളിൽ / വിത്തുകൾ പൊട്ടി മുളയ്ക്കുന്നു.
കാഹളനാദം കേൾക്കുമ്പോൾ / മൃതരിൽ ജീവനുദിക്കുന്നു.

*പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.*

ബാവാ പുത്രൻ റൂഹായെ / മൃതനാമെന്നിൽ കനിയേണം
ജീവൻ നല്കി മഹോന്നതമാം / പ്രഭയുടെ നാട്ടിൽ ചേർക്കേണം.

*ആദിമുതൽ എന്നേക്കും ആമ്മേൻ.*

തെളിവായെന്നുടെ നാഥാ നിൻ / തിരുമിഴിയെല്ലാം കാണുന്നു
നിരവധിയാമെൻ പാപങ്ങൾ / നിരയായെണ്ണി വിധിക്കല്ലേ.

**ശുശ്രൂഷി:** പ്രാർഥിക്കാം നമുക്കു സമാധാനം.

**കാർമ്മി:** കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും / നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യുമാറാകട്ടെ. മഹനീയമായ നിന്റെ ത്രീത്വത്തിന്റെ അനുഗ്രഹം / ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥാ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

**കാർമ്മി:** കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാ കുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീ ആകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ.

**മദ്‌രാശാ**

**കാർമ്മി:** കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമോടെ ദാസൻ ചെയ്യും
ബലിയെൻ നാഥാ, തിരുസന്നിധിയിൽ.

**സമൂഹം:** കൈക്കൊള്ളണമേ ...

**കാർമ്മി:** പൂർവന്മാരാം നോഹ് അബ്രാഹം
ഇസഹാക്ക് യാക്കോബ് മഹിതാശയർതൻ
പരിപാവനമാം ബലികൾപോലെ.

**സമൂഹം:** കൈക്കൊള്ളണമേ ...

*(തറയിൽ വിശുദ്ധജലം തളിക്കുന്നു).*

**കാർമ്മി:** പുത്രവത്സലരാം ശ്ലീഹരുമൊരുപോൽ
വിനിയാന്വിതരായ് തവസന്നിധിയിൽ
ചെയ്യൊരു നവമാം ബലിപോൽ നാഥാ.

**സമൂഹം:** കൈക്കൊള്ളണമേ ...

**അല്ലെങ്കിൽ**

**കാർമ്മി:** ഉന്നതനൃപനാം മിശിഹാനാഥാ, മൃതരെല്ലാരും
മിന്നിവിളങ്ങും വദനമൊടുണരാൻ വരമരുളേണം.

**സമൂഹം:** ഉന്നതനൃപനാം ...

**കാർമ്മി:** വിധിയുടെ നാളിൽ വിജയപ്രഭയിൽ വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ.

**സമൂഹം:** ഉന്നതനൃപനാം ...

*(തറയിൽ വിശുദ്ധജലം തളിക്കുന്നു).*

**കാർമ്മി:** അന്ത്യമെഴാത്തോരവികലമോദം നുകരാൻ മൃതരെ
മഹിമാവൊഴുകും മണവറയിങ്കൽ ചേർക്കണമീശോ.

**സമൂഹം:** ഉന്നതനൃപനാം ...

## മെത്രാന്മാരുടെ മദ്രാശ

**കാർമ്മി:** പാവനതാതാ നിൻ, പ്രാർത്ഥനകൾ മൂലം
ദൈവത്തിൻ കരുണ ഞങ്ങളിലുണ്ടാകാൻ
നരകുല രക്ഷകനാം മിശിഹാ നാഥനോടായ്
പ്രാർത്ഥിച്ചീടണമേ വന്ദ്യപിതാവേ നീ.

**സമൂഹം:** പാവനതാതാ നിൻ ...

**കാർമ്മി:** എന്നെ സ്നേഹിച്ച മക്കളെ നിങ്ങൾക്കായ്
ദൈവപിതാവേകും നിത്യവുമാശ്വാസം
പുത്രൻ തന്നുടെ നൽ ആശീർവാദത്താൽ
പ്രത്യാശയുമുണ്ടാംനിങ്ങൾക്കെൻ സുതരേ.

**സമൂഹം:** പാവനതാതാ നിൻ ...

*(തറയിൽ വിശുദ്ധ ജലം തളിക്കുന്നു).*

**കാർമി:** വിലപിച്ചീടേണ്ടാ കണ്ണീർ ചൊരിയേണ്ടാ
സകലരുമീ വാതിൽ തന്നെ കടക്കേണം.
എൻ പ്രിയരേ നിങ്ങൾ എന്നെ കാണുകയും
എൻ ബലഹീനതകൾ ഓർക്കുകയും ചെയ്‌വിൻ.

**സമൂഹം:** പാവന താതാ നിൻ ...

**കാർമി:** ചതിവു നിറഞ്ഞീടും ലോകത്തെ നിങ്ങൾ
സ്നേഹിച്ചീടരുതേ എൻപ്രിയ വത്സലരേ.
വിലപിച്ചീടേണ്ടാ കണ്ണീർ ചൊരിയേണ്ടാ
സകലരുമീവാതിൽ തന്നെ കടക്കേണം.

**സമൂഹം:** പാവന താതാ നിൻ ...

-----------------------

**ശുശ്രൂഷി:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ നിന്റെ തിരുനാമത്തിനു സ്തുതി.

*(രണ്ടു ഗണമായി ചൊല്ലുന്നു).*

അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.

കർത്താവേ എന്റെ ശബ്ദം കേൾക്കണമേ.

എന്റെ പ്രാർഥന ചെവിക്കൊള്ളണമേ.

കർത്താവേ നീ പാപമെല്ലാം ഓർത്തിരിക്കുമെങ്കിൽ
ആർക്കു രക്ഷയുണ്ടാകും.

എന്തുകൊണ്ടെന്നാൽ, പാപമോചനം
നിന്റെ പക്കൽ നിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ,
കർത്താവേ നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ,
ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ അവൻ കരുണയുള്ളവനാകുന്നു.

പൂർണമായ രക്ഷയും അവന്റെ പക്കലാകുന്നു.

ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽ നിന്നെല്ലാം, അവൻ രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ / നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർഥിക്കാം നമുക്കു സമാധാനം.

**കാർമി:** സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ / ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ *ദാസനെ (ദാസിയെ / ദാസരെ)* വിളിക്കുകയും / നിന്റെ വലതുഭാഗത്തു നിർത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്ന വനും കരുണ നിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ / ജീവന്റെയും മരണത്തിന്റെയും നാഥാ / പിതാവും പുത്രനും പരിശുദ്ധാ ത്മാവുമായ സർവേശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

**കാർമി:** കർത്താവേ മരിച്ചവരെ നീ കരുണാപൂർവം ജീവിപ്പിക്കേണമേ. ജീവിക്കുന്നവരെ ദയാപൂർവം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ച മരണമടഞ്ഞവരെ / മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണ ത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേ ശ്വരാ.

**സമൂഹം:** ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

### സമാപനപ്രാർഥന

**കാർമി:** സകലത്തിന്റെയും നാഥനും ദൈവവുമായ മിശിഹായേ / നിന്റെ കുരിശിന്റെ അടയാളത്തോടും ദൈവദൂതന്മാരുടെ അകമ്പടിയോടുംകൂടെ / വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാവുകയും / സ്വർഗരാജ്യത്തിന്റെ വാതി ലുകൾ തുറക്കപ്പെടുകയും / മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽ നിന്നുയിർക്കുകയും / ദുഷ്ടജനങ്ങൾ നീതിമാന്മാരിൽ നിന്നു വേർതിരിക്ക പ്പെടുകയും ചെയ്യുന്ന / ഭയാനകമായ വിധിദിവസത്തിൽ / നിന്റെ തെര ഞ്ഞെടുക്കപ്പെട്ടവർക്കായി ലോകാരംഭത്തിൽതന്നെ സജ്ജമാക്കപ്പെട്ടി രിക്കുന്ന സ്വർഗരാജ്യത്തിലേക്കു / ഞങ്ങളുടെ ഈ *സഹോദരനെ (സഹോദരിയെ / സഹോദരരെ)* നീ സ്വീകരിക്കണമേ. ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും നിന്റെ കൃപയും അനുഗ്രഹവും നിരന്തരം വസി ക്കുമാറാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## സമാപനപ്രാർഥന - മരണവാർഷികത്തിന്

**കാർമി:** സർവശക്തനായ ദൈവമേ, ലോകത്തിൽ അങ്ങയെ സ്നേഹിക്കുന്നവർക്കുവേണ്ടി / സ്വർഗത്തിൽ അങ്ങു സജ്ജമാക്കിയിരിക്കുന്ന മന്ദിരങ്ങൾ / എത്ര മനോഹരവും മഹനീയവുമാകുന്നു. ഞങ്ങളുടെ ഈ പ്രിയപ്പെട്ട *സഹോദരനെയും (സഹോദരിയെയും / സഹോദരരെയും)* പരിശുദ്ധന്മാരുടെ ആ നിത്യവസതിയിലേക്കു സ്വീകരിക്കുമാറാകേണമേ. *ഇദ്ദേഹത്തിന്റെ (ഇവരുടെ)* മരണവാർഷികമാചരിക്കുന്ന എളിയവരായ ഞങ്ങളെയും / സമൃദ്ധമായി അനുഗ്രഹിക്കേണമേ. ഇപ്പോഴും + എപ്പോഴും, എന്നേക്കും.

**സമൂഹം:** ആമ്മേൻ.

## സമാപനപ്രാർഥന - പുലയടിയന്തിരത്തിന്

**കാർമി:** കുരിശുമരണം വഴിയായി നിത്യമരണത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും / പുനരുത്ഥാനം വഴിയായി നിത്യജീവനു ഞങ്ങളെ അർഹരാക്കുകയും ചെയ്ത മിശിഹായേ / ഞങ്ങളിൽനിന്നു വേർപിരിഞ്ഞുപോയ ഈ *സഹോദരന്റെ (സഹോദരിയുടെ / സഹോദരരുടെ)* ഓർമയാചരിക്കുന്ന ഈ ദിവസത്തിൽ / പാപികളായ ഞങ്ങൾ *അദ്ദേഹത്തിനുവേണ്ടി (അവർക്കുവേണ്ടി)* സമർപ്പിക്കുന്ന പ്രാർഥനകൾ സ്വീകരിക്കുമാറാകണമെന്നു / വിനയപൂർവം ഞങ്ങൾ അപേക്ഷിക്കുന്നു. ജീവിതകാലത്തു ചെയ്തുപോയിട്ടുള്ള പാപങ്ങളെല്ലാംപൊറുത്ത് / *ഇദ്ദേഹത്തെ (ഇവരെ)* വിശുദ്ധീകരിക്കുകയും / സ്വർഗരാജ്യത്തിൽ അങ്ങയുടെ തിരുമുഖം ദർശിക്കാനുള്ള അനുഗ്രഹം നല്കുകയും ചെയ്യേണമേ. ഈ തിരുക്കർമങ്ങളിൽ സംബന്ധിച്ച എല്ലാവരെയും ആശീർവദിക്കണമേ. ഇപ്പോഴും + എപ്പോഴും, എന്നേക്കും.

**സമൂഹം:** ആമ്മേൻ.